"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I ആയ ശ്രീ.അമർനാഥ് പി.-യ്ക്ക് ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2003/2026/H&FWD തീയതി,തിരുവനന്തപുരം, 14-06-2026

---

പരാമർശം:- 1. ശ്രീ.അമർനാഥ് പി. സമർപ്പിച്ച 29.05.2024 തീയതിയിലെ അപേക്ഷ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.04.2025 തീയതിയിലെ DHS/11030/2025-MR1 നം. കത്ത്.

3. സ.ഉ. (അച്ചടി)നം.100/2024/ധന തീയതി 22/11/2024

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ ഇടുക്കി ജില്ലയിലെ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I ആയ ശ്രീ.അമർനാഥ് പി, തിരുവനന്തപുരം എസ്.കെ. ആശുപത്രിയിൽ നടത്തിയ ടിയാളുടെ ചികിൽസയുടെ ഭാഗമായി 05.06.2023 മുതൽ 29.05.2024 വരെ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ചികിൽസയുമായി ബന്ധപ്പെട്ട ബില്ലുകളും അനുബന്ധ രേഖകളും പരിശോധിച്ച് ചെലവായ തുകയിൽ 1,25,750/- രൂപ അനുവദനീയ തുകയായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൽ, ഇടുക്കി ജില്ലയിലെ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I ആയ ശ്രീ.അമർനാഥ് പി, .തിരുവനന്തപുരം എസ്.കെ ആശുപത്രിയിൽ 05/06/2023 മുതൽ 29/05/2024 വരെ നടത്തിയ ടിയാന്റെ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ ₹ 1,25,750/- രൂപയുടെ 80% ആയ 1,00,600/-

രൂപ (ഒരു ലക്ഷത്തി അറുനൂറ് രൂപ മാത്രം), പരാമർശം (3) ഉത്തരവിലെ ക്രമ നം. 1 പ്രകാരം, പ്രതിപൂരണം ചെയ്തു നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ്ജുള ജി
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ദേവിയാർ കോളനി, ഇടുക്കി (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീ.അമർനാഥ് പി., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, കുടുംബാരോഗ്യ കേന്ദ്രം, ദേവിയാർ കോളനി, ഇടുക്കി (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (C2/106/2025-HEALTH)

ഉത്തരവിൻ പ്രകാരം,
Signed by
Rekha Johnson
Date: 15-06-2026 14:36:35

സെക്ഷൻ ഓഫീസർ